# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5784 02/07/2014 ൽ മറുപടിയ്ക്ക്

## വിദേശ സർവ്വകലാശാലകളിലെ പഠനത്തിന് സ്കോളർഷിപ്പ്

| | ചോദ്യം<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻനായർ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്ത വിദേശ സർവ്വകലാശാലകളിൽ പഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് രാജ്യത്തിന് പുറത്ത് പോയി പഠിയ്ക്കുന്നതിന് വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു വരുന്നുണ്ട്. വിദേശപഠനം നടത്തുന്ന വിദ്യാർത്ഥി വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയുടെ മെറിറ്റ് പരിഗണിച്ച് ഉചിതമായ തീരുമാനെടുക്കുന്നു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവു പ്രകാരമാണ് വിദേശത്തു പോയി പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സർക്കാർ ധനസഹായം വിനിയോഗിച്ച് കോഴ്സ് പാസാകുമെന്നും അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക മുഴുവനും തിരിച്ചടച്ചുകൊള്ളാമെന്നും വിദ്യാർത്ഥി എഗ്രിമെന്റ് വയ്ക്കുന്നതിനാൽ പ്രസ്തുത കോഴ്സ് പാസാകുന്ന മുറയ്ക്ക് വിദേശങ്ങളിൽ ലഭിക്കുന്ന തൊഴിൽ സാധ്യതയാണ്, ധനസഹായം അനുവദിച്ചു നൽകുന്നതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | പല രാജ്യങ്ങളിലെയും വിവിധ യൂണിവേഴ്സിറ്റികൾ വിവിധ കോഴ്സുകളും, വിവിധ നിരക്കുകളുമാണ് ആവശ്യപ്പെട്ടുന്നത്. അപേക്ഷകർ ആവശ്യപ്പെട്ടതനുസരിച്ച് ഈ വകുപ്പിൽ നിന്നും അനുവദിച്ച ഏറ്റവും കുറഞ്ഞ തുക 1,12,832/- ഉം ഏറ്റവും കൂടിയ തുക 10,60,400/- ഉം ആണ്. |
| (ഡി) | പദ്ധതിയുടെ നടത്തിപ്പിനായി ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | വിദ്യാർത്ഥിയുടെ അപേക്ഷയുടേയും, പട്ടികജാതി വികസന വകുപ്പിന്റെ ശുപാർശയുടേയും അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിലൂടെയാണ് ധനസഹായം അനുവദിച്ചുവരുന്നത്. |

**സെക്ഷൻ ഓഫീസർ**